## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3066 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**പൊതു സ്ഥലത്ത് മാലിന്യം കത്തിക്കുന്നവർക്ക് പിഴ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പൊതു സ്ഥലത്ത് മാലിന്യം കത്തിക്കുന്നവർക്ക് പിഴ ഏർപ്പെടുത്തിക്കൊണ്ടുള്ള ഹരിത ട്രൈബ്യൂണൽ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പൊതുജനങ്ങളെയും ഏതൊക്കെതരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര സർക്കാർ 2016-ൽ പുറപ്പെടുവിച്ച ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം മാലിന്യങ്ങൾ പൊതു സ്ഥലത്ത് കത്തിക്കുന്നത് ഒഴിവാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ഹരിത ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ സൂചിത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വളരെയധികം സഹായകമാണ്. |
| (സി) | സംസ്ഥാനത്തെ ജൈവ ഖരമാലിന്യങ്ങൾ സംസ്കരിച്ച് പുനരുപയോഗപ്രദമാക്കുന്നതിന് ആധുനികസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി, കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ എന്നീ സാങ്കേതിക വിദ്യകൾക്കു പുറമെ ബയോമെഥനേഷൻ അടിസ്ഥാനപ്പെടുത്തിയ സാങ്കേതിക വിദ്യയിലൂടെ ഊർജ്ജോല്പാദനം നടത്തുന്ന ആധുനിക സങ്കേതങ്ങളടക്കം നിലവിൽ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ